പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3773. 26-06-2012 ന് മറുപടിയ്ക്ക്</u>

<u>നാട്ടാനകളുടെ രജിസ്ട്രേഷൻ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പ് മന്ത്രി ) |
| എ) സർക്കാർ നടപ്പാക്കുന്ന നാട്ടാനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | എ) സർക്കാർ ഇപ്പോൾ ആനകളുടെ ഡാറ്റാ ബുക്ക് വിതരണമാണ് നടപ്പിലാക്കി വരുന്നത്. കേരളത്തിലുള്ള നാട്ടാനകളെ സംബന്ധിച്ചും അവയുടെ ഉടമസ്ഥനെയും പാപ്പാനെയും സംബന്ധിച്ചും ആനയുടെ മദപ്പാട്, രോഗവിവരങ്ങൾ, ചികിത്സാ രീതികൾ, ഇൻഷുറൻസ് എന്നിവയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ ആനയെ നേരിട്ട് പരിശോധിച്ച് അംഗീകരിച്ച് ആനഉടമസ്ഥർക്ക് നൽകുന്ന രേഖയാണ് ഡാറ്റാ ബുക്ക്. ഈ ഡാറ്റാ ബുക്കിന് ആവശ്യമായ നിയമ പ്രാബല്യം നൽകുന്നതിലേയ്ക്കായി കേരളത്തിലെ നാട്ടാനകളുടെ (കാര്യകർത്തൃത്വവും പരിപാലനവും) ചട്ടങ്ങൾ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

....2

ബി) ആനകളെ രജിസ്റ്റർ ചെയ്യാത്ത ഉടമകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

ബി) ആനകളുടെ ഡാറ്റാ ബുക്ക് സൂക്ഷിക്കുന്നതിൽ സഹകരിക്കാത്ത ഉടമകൾ ക്കെതിരെ കേരളത്തിലെ നാട്ടാനകളുടെ (കാര്യകർത്തൃത്വവും പരിപാലനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. നിയമാനുസൃതം ആനയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കെതിരെ ടി ആനകൾ ഉടമസ്ഥരുടെ വീഴ്ചകൾ കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ കേസ് എടുത്ത് മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ